ജനുവരി 13,2014

# കോൺഗ്രസിന് മനസ്സ് തളർന്നു

അരുൺ ജെയ്റ്റ്ലി, പ്രതിപക്ഷ നേതാവ് (രാജ്യസഭ)

കഴിഞ്ഞയാഴ്ച ഞാൻ നടത്തിയ ഒന്നുരണ്ട് അഭിപ്രായങ്ങൾ പരാമർശിക്കട്ടെ. ഒന്ന് കോൺഗ്രസിന് 2014 ലെ തെരഞ്ഞെടുപ്പിൽ പോരാടാനുള്ള ആത്മശക്തി കോൺഗ്രസിനില്ലാതായി. രണ്ടാമത്, 2013 ഡിസംബർ എട്ടിന് നിയമസഭാ തെരഞ്ഞെടുപ്പ് ഫലം വന്നതോടെ മുടന്തൻ താറാവായിരുന്ന കോൺഗ്രസ് ചത്ത താറാവായി. എങ്കിലും കോൺഗ്രസിന് പോരാട്ടത്തിന് ശക്തി സംഭരിക്കേണ്ടതുണ്ട്. ഉയിർത്തെഴുന്നേൽപ്പ് ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പ്രവണതയാണ്.

പക്ഷേ, കോൺഗ്രസിന് ആ തിരിച്ചുവരവ് ശക്തി ഇല്ലാതായതിൽ ഞാൻ അതിശയിക്കുന്നു. പതിവ് മന്ത്രിസഭായോഗവും ഫയൽ തീർപ്പാക്കലും മറ്റും ഒഴിച്ചാൽ സർക്കാർ ആകെ തളർന്നുപോയിരിക്കുന്നു. ചില മന്ത്രിമാരുടെ അതിശയോക്തിയും പിടിവാശിയുമുള്ള ട്വീറ്റുകൾ പോലും ഇല്ലാതായി. കുറ്റപ്പെടുത്തലുകളും തുടങ്ങി. ചില മന്ത്രിമാർ സ്വകാര്യമായി, പ്രധാനമന്ത്രിയുടെ ഓഫീസിന്റെ രാഷ്ട്രീയ ലക്ഷ്യമില്ലാത്ത പ്രവർത്തനത്തെ കുറ്റപ്പെടുത്തുന്നു. ചിലർ വഴിപിഴച്ച കുട്ടിയെന്ന മനഃസ്ഥിതി പുലർത്തുന്നു.

ബിജെപി അധികാരത്തിൽ വന്നത് 1997, 98, 99 വർഷത്തിൽ മാത്രമാണ്. 1989 ൽ ഒരു സർക്കാരിനെ പുറത്തുനിന്ന് പിന്തുണച്ചു. ശേഷിച്ച സമയമെല്ലാം പ്രതിപക്ഷത്തായിരുന്നു. ഏറ്റവും കുറഞ്ഞ അംഗബലം രണ്ടു സീറ്റു കിട്ടയ 1984 ൽ ആകുന്നു. ഇതൊക്കെയാണെങ്കിലും ഞങ്ങൾ ആദർശത്തിൽ വിട്ടുവീഴ്ച ചെയ്തില്ല. തളർന്നില്ല. ഞങ്ങൾ പോരാട്ടത്തിന് അവസരം കാത്തിരുന്നു. 2004 ൽ തെരഞ്ഞെടുപ്പിൽ തോറ്റപ്പോഴും തളർന്നില്ല, പ്രകടനത്തിൽ അഭിമാനം കൊണ്ടു. കമ്മ്യൂണിസ്റ്റ് പാർട്ടികൾ ചില സംസ്ഥാനങ്ങളിലെ അവരുടെ ദേശീയതലത്തിലെ ശക്തി പരിമിതമാണ്. എങ്കിലും അവർ ലക്ഷ്യബോധത്തിൽ പ്രവർത്തിക്കുന്നു.

എന്തുകൊണ്ട് കോൺഗ്രസ് മനസ്സു തകർന്നവരായി? കാരണം, ഏറെ നാളായി അവർ അധികാരത്തിലാണ്. ഭരണമില്ലാതെ അവർക്ക് നിലനിൽക്കാനായില്ല. അവരുടെ പിടിവാശി സ്വഭാവവും സിബിഐ പോലീസ് സ്ഥാപനങ്ങളുടെ ദുരുപയോഗവും അഴിമതികളും കൊണ്ടല്ലെ അത്. അധികാരത്തിൽ നിന്ന് ഒഴിയേണ്ടി വന്നാൽ ഒട്ടേറെ കാര്യങ്ങളിൽ ഉത്തരവാദിത്തം പറയേണ്ടിവരുമെന്ന് അവർ ഭയക്കുന്നു. പലമന്ത്രിമാരും 2014 മെയ് മാസത്തിന് ശേഷമുള്ള ജീവിതം ആസൂത്രണം ചെയ്തു തുടങ്ങി. കഴിഞ്ഞ ഏതാനും മാസത്തിനിടെ യുപിഎ സർക്കാർ കൈക്കൊണ്ട ഒരു തീരുമാനം ആർക്കെങ്കിലും പറയാനാവുമോ? എവിടെയാണ് പിശകു പറ്റിയതെന്ന് ആത്മപരിശോധന നടത്താൻ കോൺഗ്രസുകാർ തയ്യാറാകുമോ?

കുടുംബവാഴ്ച പിന്തുടരുന്ന പാർട്ടിയുടെ പ്രശ്നം കുടുംബത്തിലെ പാർട്ടി നിയന്ത്രിക്കുന്ന അംഗത്തിന്റെ ശേഷിയെ ആശ്രയിച്ചും അനുസരിച്ചുമായിരിക്കും അതിന്റെ ശക്തിയെന്നതാണ്. ഒരു നെഹ്റുവിനും ഇന്ദിരാഗാന്ധിക്കും അവരുടെ വ്യക്തിശക്തികൊണ്ട് പാർട്ടിയെ നയിക്കാൻ കഴിഞ്ഞെന്നിരിക്കും. ഇന്നത്തെ തലമുറക്ക് ആ ശേഷി ഇല്ലാതെ വന്നാൽ, കുടുംബത്തിലെ ഇന്നത്തെ തലമുറയുടെ വ്യക്തിപ്രഭാവമില്ലായ്മ മൂലം പാർട്ടി തകർന്നു പോകും. ഒരു സുഘടിതമായ പാർട്ടിയിൽ നേതൃനിരയുണ്ടാകും, വ്യക്തമായ ആദർശമുണ്ടാകും, ഏത് വെല്ലുവിളിയേയും നേരിടും. ഒരു കുടുംബവാഴ്ചപ്പാർട്ടി കുടുംബത്തോടൊപ്പം മുങ്ങിപ്പോകും, അല്ലെങ്കിൽ നീന്തും.